# അമ്മയും അമ്മച്ചിയും

(കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്ന നേഴ്സുമാർക്കുവേണ്ടി)

**വാസുദേവ് പുളിക്കൽ**

കേരളത്തിൽ നിന്നുള്ള അമേരിക്കൻ കുടിയേറ്റത്തിൻെറ ആദ്യഘട്ടത്തിൽ ഇവിടെ എത്തിയ വനിതകളിൽ ഭൂരിപക്ഷവും നേഴ്സുമാരായിരുന്നു. പുതിയൊരു ജീവിതം കെട്ടിപ്പടുക്കണമെന്ന സ്വപ്നവുമായി അമേരിക്കയിലേക്ക് കുടിയേറിപ്പാർത്ത ഇവരെ അമേരിക്കയിലെ ആർഭാടജീവിതമോ പാശ്ചാത്യ പരിഷ്ക്കാരമോ ആകർഷിച്ചില്ല. കുടുംബം, തറവാട്ടു മഹിമ, അവരുടെ പാരമ്പര്യം മുതലായവക്കനുസൃതമായ ഒരു ജീവിതരീതി ആവിഷ്ക്കരിക്കുന്നതിലാണ് അവർ ശ്രദ്ധ പതിപ്പിച്ചത്. തന്മൂലം അവർക്ക് കുടുംബ ഭദ്രത ഉറപ്പു വരുത്താനും പിൽക്കാലത്ത് നല്ലൊരു ശതമാനം കേരളീയ കുടിയേറ്റക്കാർക്ക് അമേരിക്കയുടെ സമ്പത്ത് നുകരാനും അമേരിക്കൻ മലയാളികൾ എന്ന് അവകാശപ്പെടാനുള്ള അവസരമൊരൊക്കാനും സാധിച്ചു. അത് അഭിമാനിക്കാവുന്ന കാര്യമാണ്.

നേഴ്സുമാർ അഭിനന്ദിക്കപ്പെടുന്നതിനു പകരം പലപ്പോഴും അവഹേളിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. അവർ അവഗണിക്കപ്പെടുകയും അവരുടെ സേവനത്തിൻെറ മഹത്വം അംഗീകരിക്കപ്പടാതിരിക്കുകയും ചെയ്യുന്നു. ആതുരസേവനത്തിന് ഇറങ്ങിത്തിരിച്ചവർ ഫ്ലോറൻസ് നൈറ്റിംഗേലിൻെറ സേവനപാരമ്പര്യത്തിൽ നിന്ന് തെന്നി മാറി ഡോളറിൻെറ് പിന്നാലെ പായുന്നു എന്ന ആരോപണം പലപ്പോഴും ഉന്നയിച്ചു കാണാറുണ്ട്. ഇവർ ചെയ്യുന്ന ജോലിക്ക് ഭേദപ്പെട്ട വേതനം ലഭിക്കുന്നതുകൊണ്ട് സാമാന്യം ഉയർന്ന ജീവിത നിലവാരം പുലർത്തുന്നു. അതുകൊണ്ട് ഇവർ തങ്ങളുടെ കർത്തവ്യനിർവ്വഹണത്തിൽ നിന്ന് വ്യതിചലിക്കുന്നു എന്ന നിഗമനത്തിൽ വിമർശനത്തിൻെറ ശരങ്ങൾ തൊടുത്തു വിടുന്നത് അപലപനീയമാണ്. ആർഷ സംസ്കാരത്തിൻെറ കെട്ടുറപ്പുള്ള കുടുംബത്തിൻെറ മാഹാത്മ്യം നല്ലതുപോലെ മനസ്സിലാക്കിയിട്ടുള്ള ഇവർ കുടുംബസ്നേഹത്തിൻെറ പ്രതീകങ്ങളാണെന്ന് സ്വയം തെളിയിച്ചുകൊണ്ട് നൈതിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകി ആദർശപരമായ ജീവിതം നയിക്കുന്നു. വിവാഹത്തിനു ശേഷവും തങ്ങൾക്ക് ലഭിക്കുന്ന വേതനത്തിൻെറ ഒരംശം ജനിച്ച കുടുംബത്തിൻെറ അഭിവൃദ്ധിക്കും സഹോദരി സഹോദരന്മാരുടെ ഉന്നമനത്തിനും ദുരിതം അനുഭവിക്കുന്ന പാവങ്ങളുടെ ദുരിത നിവാരണത്തിനും വേണ്ടി ചിലവഴിക്കുന്ന ഇവരിൽ ജീവകാരുണ്യം തുളുമ്പി നിൽക്കുന്നു. ഇവരുടെ കാരുണ്യം കൊണ്ട് ഇവിടെ എത്തിയിട്ടുള്ളവരിൽ പലരും ഡോളറിൻെറ കുമ്പാരത്തിന് മുകളിൽ ഇരുന്നു കൊണ്ട് ഇവരെ തള്ളിപ്പറയുമ്പോഴും അത് സഹിക്കാനും ക്ഷമിക്കാനുമുള്ള ഹൃദയ വിശാലതയും ഇവർക്കുണ്ട്.

ഇവരിൽ പലരും സമ്പന്നതയുടെ മടിത്തട്ടിൽ പിറന്നു വീണവരെല്ലെന്നു കരുതി മാനുഷിക മൂല്യങ്ങളുടെ കാര്യത്തിൽ ആരുടേയും പിന്നിലല്ല. ജന്മം കൊണ്ട് ആർക്കും ബ്രഹ്മജ്ഞാനം കൈവരിക്കാൻ സധിക്കുകയില്ല എന്നത് സത്യമായിരിക്കുന്നതു പോലെ സമ്പന്ന കുടുംബത്തിൽ ജനിച്ചു എന്ന കാരണം കൊണ്ട് മാനുഷിക മൂല്യങ്ങളോ സംസ്കാരമോ ഉണ്ടായിക്കൊള്ളണമെന്നില്ല. ഇതിനൊക്ക ആധാരം മനസ്സിലെ നന്മയും കുടുംബ പാരമ്പര്യവുമാണ്. നിഷ്ക്കളങ്കരായ നേഴ്സുമാരെ കുറിച്ച് കഥകളും കവിതകളും എഴുതി അവരുടെ വികാരങ്ങളെ കുത്തി നോവിച്ച് രസിക്കുന്ന സാഡിസ്റ്റുകൾ അവർ ചെയ്യുന്നത് പാപമാണെന്നു ധരിക്കേണ്ടതാണ്. നേഴ്സുമാരുടെ പാതിവൃത്യത്തെ ചോദ്യം ചെയ്തു കൊണ്ട്, അവരെ അഭിസാരികമാരായി എഴുത്തുകാർ ചിത്രീകരിക്കുമ്പോൾ അതിൽ നിന്ന് വമിക്കുന്നത് ചീഞ്ഞളിഞ്ഞ സ്വന്തം മനസ്സിൻെറ ദുർഗ്ഗന്ധമാണെന്ന് ഈ എഴുത്തുകാർക്ക് മനസ്സിലാകണമെങ്കിൽ മനസ്സിൽ നന്മയുടെ കണികയെങ്കിലും ഉള്ളവരോ ജീവിതത്തിൽ ഒരിക്കലെങ്കിലും മനസ്സാക്ഷിയോട് നീതി പുലർത്തിയിട്ടുള്ളവരോ ആയിരിക്കണം. സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാക്കും വണ്ണം മാനസികരോഗികൾ ആക്രോശിക്കുമ്പോൾ സമൂഹത്തിൻെറ നന്മ കണക്കിലെടുത്ത് അവരെ ശുശ്രൂഷക്കായി മാറ്റി നിർത്തേണ്ടതുണ്ട്. സന്മനസ്സുള്ളവർ ഇവർക്കുവേണ്ടി, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കണമേ

എന്ന് ദൈവത്തോട് പ്രാർത്ഥിച്ചാലും നികൃഷ്ടരായ ദുഷ്ടമാനസരോട് പൊറുക്കണമോ വേണ്ടയോ എന്ന് ദൈവം പലവട്ടം ചിന്തിച്ചു നോക്കും

ചാരിത്രനിഷ്ഠക്ക് കളങ്കം വരുത്താതെ സന്മാർഗ്ഗികതയിൽ അടിയുറച്ചു നിൽക്കുന്ന ഈ കേരളീയവനിതകൾ സ്വധർമ്മത്തിൽ നിന്ന് പിന്തിരിഞ്ഞോടുന്നവരല്ല. പ്രതികൂലസാഹചര്യങ്ങളുടെ നടുവിൽ നിൽക്കുമ്പോഴും മുഖത്ത് വേദനയുടെ പുഞ്ചിരിയുമായി അവർ കർത്തവ്യനിരതരാകുന്നു. നേഴ്സുമാർ ആതുരസേവനത്തിൽ മാത്രമല്ല, സാമൂഹ്യപ്രവർത്തനം, സാഹിത്യം മുതലായ രംഗങ്ങളിലും സ്വന്തം പ്രതിഭ തെളിയിക്കുന്നുണ്ട്. സ്ത്രീയെ സംബന്ധിച്ച് ഓരോരുത്തരുടേയും ഉള്ളിൽ വരുന്ന ലൗകികമായ വാസനയുടെ സ്വരൂപത്തിൽ വ്യത്യസ്ഥമായ സാംസ്കാരിക ബന്ധങ്ങൾ ഉണ്ടാകുന്നു. ശരീരത്തിൽ എത്രമാതിരി വാസനകൾ ചുരുണ്ടുകിടക്കുന്നു എന്ന് പറയാൻ നിവൃത്തിയില്ല. ഒരു സ്ത്രീയോട് ഒരു പുരുഷന് ഉണ്ടായിരിക്കാവുന്ന രാഗം എൻെറ പ്രിയപ്പെട്ട അമ്മ എന്ന സ്നേഹമായിരിക്കുമ്പോൾ വേറൊരാൾക്ക് അതേ സ്ത്രീയോടു തൊന്നുന്ന രാഗം ഭാര്യയോടു തോന്നുന്ന സ്നേഹമാണ്. വേറൊരു പുരുഷന് ആ സ്ത്രീ മകളാണ്. പിന്നെയൊരുവന് സഹോദരിയാണ്. ഒരുവൻ മനോനിയന്ത്രണങ്ങളെല്ലാം വിട്ട് അവളെ കാമുകിയായി കണ്ടെന്നു വരാം. ഇനിയൊരുവൻ സർവ്വരക്ഷയുടേയും കേന്ദ്രമായിരിക്കുന്ന സാക്ഷാൽ ജഗജ്ജനനിയായി അമ്മയെ വഴ്ത്തുന്നുണ്ടെന്ന് വരാം. നിസ്തുലസ്നേഹത്തിൻെറ പ്രതീകമായ അമ്മ ദേവതയാണ്, പൂജാർഹയാണ്. ഇങ്ങനെ അമ്മ, ഭാര്യ, കുടുംബിനി തുടങ്ങിയ നിലകളിൽ അവർ അവരുടെ വ്യക്തിത്വത്തിന് ശോഭ നൽകുന്നു. കുട്ടികളുടെ സംരക്ഷണയിൽ അമ്മയെപ്പോലെ കരുതൽ ഉള്ളവർ മാറ്റാരുമില്ല. റോസാപുഷ്പം മനോഹരമാണ്, ദളങ്ങൾ മൃദുലമാണ്. പക്ഷെ തണ്ടിൽ കൂർത്തുമൂർത്ത മുള്ളുകളുണ്ട്. റോസാപ്പൂക്കളിറുക്കുമ്പോൾ ശ്രദ്ധിച്ചില്ലെങ്കിൽ കയ്യിൽ മുള്ള് തറച്ച് വേദനിക്കും. റോസാപുഷ്പങ്ങൾ പോലെ മനോഹരമാണ് ഈ ലോകവും. പക്ഷെ ചതിക്കുഴികളും അപകടങ്ങളും മറഞ്ഞിരിപ്പുണ്ട്. ആ ചതിക്കുഴികളിൽ വീഴാതിരിക്കാൻ കുട്ടികൾക്ക് അമ്മ മുന്നറിയപ്പു നൽകുന്നു. മനുഷ്യർ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വവും പവിത്രതയും ആത്മാർത്ഥതയുമാണ് അവരെ വിശുദ്ധരാക്കുന്നത്. നേഴ്സായ ചേച്ചിയുടേയോ, ഇളയമ്മയുടേയോ സഹായം കൊണ്ട് എത്തിയവർ 'ഞാനൊരു നേഴ്സിനെ കല്യാണം കഴിക്കയില്ല' എന്ന് വീമ്പിളക്കുന്നത് കേട്ടിട്ടുണ്ട്. എന്നിട്ടും അവസാനം നേഴ്സിനെ തന്നെ കല്യാണം കഴിച്ച് ഞനൊന്നുമറിഞ്ഞില്ല എന്ന ഭാവത്തിൽ നടക്കുന്നത് നമ്മൾ ഈ സമൂഹത്തിൽ കണ്ടിട്ടുണ്ട്. ഏതു ജോലിക്കും അതിൻേറതായ മാന്യതയുണ്ടെന്ന് ഓർക്കുന്നത് നല്ലതാണ്.

ഇന്നത്തെ കൊറാണാ സാഹചര്യം ആതുരസേവനത്തിന് ഒരു വെല്ലുവിളിയായി നിൽക്കുന്നു. കോറോണ വൈറസ് പടർന്നു പിടിച്ച് പതിനായിരക്കണക്കിന് ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഒരു നാശത്തെപ്പറ്റി ബൈബിളിൽ സൂചനയു ണ്ടെന്നു വിശ്വാസികൾക്കറിയാം. ഭൂഭാരം കുറയ്ക്കാൻ വേണ്ടി ഉണ്ടായ ശ്രീരാമാവതാരം പോലെ ലോകത്തിലെ ജനസഖ്യാനിയന്ത്രണത്തിനായി ഉണ്ടായിട്ടുള്ള ഒരു അവതാരമാണ് കൊറോണാ എന്നും ലോകരാഷ്ട്രങ്ങളുടെ സമ്പദ് വ്യവസ്ഥിതിയെ അട്ടിമറിച്ച് സാമ്പത്തികാധിപത്യം സ്ഥാപിക്കുന്നതിനായി ചൈന കൃതൃമമായി കോറാണാ വൈറസ് സൃഷ്ടിച്ച് ലോകമെമ്പാടും പരത്തിയതാണെന്നും വിശ്വസിക്കുന്നവരുണ്ട്. ചൈന കൊറാണാവൈറസ് കൃത്യമമായി പരീക്ഷണശാലയിൽ സൃഷ്ടിച്ചതാണെന്നതിൻെറ തെളിവ് തൻെറ കൈവശമുണ്ടെന്ന് ട്രമ്പ് പറയുന്നുണ്ടെങ്കിലും അത് ലോകരാഷ്ട്രങ്ങൾക്ക് ബോധ്യപ്പെടണം. അങ്ങനെ വ്യക്തമായ ഒരു തെളിവു ലഭിച്ചാൽ ലോകരാഷ്ട്രങ്ങൾ എങ്ങനെ പ്രതികരിക്കുമെന്ന് നിശ്ചയിക്കാൻ നിവൃത്തിയില്ല. പിന്നെ കേൾക്കുന്നത് ഒരു ലോകമഹായുദ്ധത്തിൻെറ കാഹളമായിരിക്കാം. ഈ സാഹചര്യത്തിൽ യുദ്ധത്തിൻെറ കെടുതി കൂടി ജനങ്ങൾക്ക് എങ്ങനെ താങ്ങാനാകും. കോറോണാവൈറസ്സു മൂലമുണ്ടാകുന്ന കോവിഡ് 19 എന്ന രോഗം ബാധിച്ചവരെ ശുശ്രൂഷിക്കാനായി ഡോക്ടറന്മാരും നേഴ്സുമാരും മറ്റ് ആശുപത്രി ജോലിക്കാരു മുൻനിരയിൽ തന്നെയുണ്ടെങ്കിലും അതിൽ മുഖ്യപങ്കു വഹിക്കുന്നത് നേഴ്സുമാരാണ്. അവരാണല്ലോ രോഗികളുടെ അടുത്തു നിന്ന് അവരെ ശുശ്രൂഷിക്കുന്നത്. രോഗം തങ്ങൾക്ക് കിട്ടാൻ സാധ്യതയുണ്ടെന്നറിഞ്ഞിട്ടും അവർ കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്നതിൽ യാതൊരു അവഗണനയും കാണിക്കുന്നില്ല. അവർ അതിൽ അഭിമാനിക്കുന്നു. അതാണ് അവരുടെ വ്യക്തിത്വത്തിൻെറ മഹത്വം. ഇതിനോടകം പല നേഴ്സുമാരും കോവിഡ് ബാധിച്ച് മരിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഭായാനകവും അമ്പരപ്പിക്കുന്നതുമായ ഒരു

സാഹചര്യം നിലനിൽക്കുമ്പോഴും അവർ അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ നിന്നും പിന്മാറുന്നില്ല. അവരുടെ ജോലിയുടെ മഹത്വം അവർ മനസ്സിലാക്കുന്നു. ലോകജനത അവരെ ആദർപൂർവ്വം അംഗീകരിക്കുന്നു. അവർ ആദരവിൻേറയും അഭിനന്ദനത്തിൻേറയും പടവുകൾ കയറിപ്പോകുമ്പോൾ അവരെ കളിയാക്കിക്കൊണ്ട് കഥകളും കവിതകളും രചിക്കുന്ന അധമന്മാരുടെ അസുയയും കുശുമ്പും വർദ്ധിക്കാനിടയുണ്ട്.

നേഴ്സുമാർ മേന്മയുള്ളവരാണ്. ഇവിടെ മേന്മയെപ്പറ്റി പറയുന്നത് അവരുടെ സാമൂഹ്യതലത്തിലുള്ള മേന്മയെപ്പറ്റിയല്ല, കാര്യക്ഷമമായി ഒരു പ്രവൃത്തി ചെയ്യാനുള്ള വൈദഗ്ദ്ധ്യത്തിൻെറ മേന്മയെപ്പറ്റിയാണ്. ഈ വൈദഗ്ദ്ധ്യം ആർജ്ജിക്കാനുള്ള പരിശീലനവും കഴിവും നേടിയിട്ടുള്ളവരാണ് നേഴ്സുമാർ. ആശുപത്രിയിൽ വരുന്ന ഓരോ കോവിഡ് രോഗികളും അവരുടെ ജീവന് നേഴ്സുമാരോട് കടപ്പെട്ടിരിക്കുന്നു. ഇവരുടെ വിശിഷ്ട സേവനത്തിൻെറ മാഹാത്മ്യത്തെ അംഗീകരിക്കുന്നതിൻെറ അനിവാര്യത നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. ഭീകരമായ മഹാമാരിക്കെതിരെ പൊരുതുന്നവർക്കായി, പ്രത്യേകിച്ച് സ്വന്തം ജീവൻ പോലും പണയപ്പെടുത്തി കോവിഡ് രോഗികളെ ശുശ്രൂഷിക്കുന്ന നേഴ്സുമാർക്കായി, അവർക്ക് സർവ്വനന്മകളും സൗഭാഗ്യങ്ങളും നേർന്നുകൊണ്ട് ഈ ലേഖനം സമർപ്പിക്കുന്നു. ഈശ്വരീയമായ പ്രഭാവം കൊണ്ട് ഈ മഹാവ്യാധി ലോകത്തിൽ നിന്നും അപ്രത്യക്ഷമാകുമെന്ന് നമുക്കു പ്രത്യാശിക്കാം.